# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3374

08.11.2019-ൽ മറുപടി നൽകേണ്ടിയിരുന്നത്

**സേവനങ്ങൾ സമയബന്ധിതമായും അഴിമതിരഹിതമായും ലഭ്യമാക്കാൻ നടപടി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.വി.കെ.സി.മമ്മത് കോയ<br>ശ്രീ.കെ.വി.വിജയദാസ്<br>ശ്രീമതി.യു.പ്രതിഭ<br>ശ്രീ.എം.നൗഷാദ് | ശ്രീ.എ.സി.മൊയ്തീൻ<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| (എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിട നിർമ്മാണ അനുമതി ഉൾപ്പെടെയുള്ള വിവിധ സേവനങ്ങൾ സമയബന്ധിതമായും അഴിമതി രഹിതമായും ജനങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ; | (എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകി വരുന്ന സേവനങ്ങൾ അഴിമതി രഹിതവും സമയബന്ധിതവുമായി ജനങ്ങൾക്ക് ലഭിക്കുന്നു എന്നുറപ്പുവരുത്താൻ വിവിധ സേവനങ്ങൾ ഓൺലൈനാക്കിയിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകുന്ന വിവിധ സേവനങ്ങൾക്ക് സമയപരിധി നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ ഇതു സംബന്ധിച്ച നിയമങ്ങളിലും ചട്ടങ്ങളിലും ജീവനക്കാർക്ക് അവഗാഹമുണ്ടാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ ജീവനക്കാർക്ക് പരിശീലനം നൽകി വരുന്നുണ്ട്. കൂടാതെ വിവിധ കാരണം കൊണ്ട് തീർപ്പാക്കാതെ കിടക്കുന്ന അപേക്ഷകൾ തീർപ്പാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ അദാലത്തുകൾ നടത്തുന്നുണ്ട്. അഴിമതി നടത്തുക എന്ന ഉദ്ദേശത്തോടെ അനാവശ്യമായി അപേക്ഷകൾ തടഞ്ഞുവച്ചിട്ടില്ല എന്നുറപ്പു വരുത്താൻ കൃത്യമായ പരിശോധനകളും നടത്തുന്നുണ്ട്. |
| (ബി) ഈ സാമ്പത്തിക വർഷം തന്നെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാകുംവിധം പ്രവർത്തനാന്തരീക്ഷവും പശ്ചാത്തല സൗകര്യവും മെച്ചപ്പെടുത്തുന്നതിനു പദ്ധതിയുണ്ടോ; എല്ലാ ജില്ലകളും സദ്ഭരണ ജില്ലകൾ ആക്കി ഉയർത്തുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (ബി) 2019-20 വർഷം തന്നെ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകൾക്കും ISO അംഗീകാരം ലഭ്യമാക്കുക എന്ന ലക്ഷ്യത്തിലൂന്നി പദ്ധതികൾ നടപ്പിലാക്കി വരുന്നു. നിലവിൽ 939 ഗ്രാമപഞ്ചായത്തുകൾക്കും 152 ബ്ലോക്ക് പഞ്ചായത്തുകൾക്കും ISO Certificate ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പദ്ധതിയായ രാഷ്ട്രീയ ഗ്രാമസ്വരാജ് അഭിയാൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന വിഹിതം വിനിയോഗിച്ച് ഗ്രാമപഞ്ചായത്തുകൾ നവീകരിച്ച് വരുന്നുണ്ട്. |
| (സി) ജീവനക്കാരുടെ സേവന മനോഭാവവും കാര്യക്ഷമതയും ഉയർത്തുന്നതിനു ആവശ്യമായ ഇടപെടൽ നടത്തുന്നതോടൊപ്പം അവരെ സർക്കാർ ജീവനക്കാരാക്കണമെന്ന ആവശ്യം നിറവേറ്റാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (സി) ജീവനക്കാരുടെ സേവനമനോഭാവവും കാര്യക്ഷമതയും ഉയർത്തുന്നതിന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിലെ മുഴുവൻ ജീവനക്കാർക്കും KILA മുഖാന്തരവും IMG മുഖാന്തരവും കൃത്യമായ പരിശീലനം നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ